FAX

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

## സർക്കുലർ

നം: 13027/ഉപ.സി3/2011/ഉ.ഭ.പ.വ    തിരുവനന്തപുരം, തീയതി:03/08/2011

വിഷയം: പെൻഷൻ പ്രായം ഏകീകരിച്ചതിനോടനുബന്ധിച്ച് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന: 1) 24/04/2009-ലെ സ.ഉ(അ)154/09/ധന. നമ്പർ സർക്കാർ ഉത്തരവ്
2) 4/07/2009-ലെ സ.ഉ(അ) 262/09/ധന. നമ്പർ സർക്കാർ ഉത്തരവ്
3) 12/10/2010-ലെ 8040/ഉപ.സി3/2010/ഉ.ഭ.പ.വ. നമ്പർ സർക്കുലർ
4) 18/06/2011-ലെ 9222/ഉപ.സി3/2011/ഉ.ഭ.പ.വ. നമ്പർ സർക്കുലർ

24/04/2009-ലെ സ.ഉ(അ) 154/09/ധന. നമ്പർ ഉത്തരവിലൂടെ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ തീയതി മാർച്ച് മാസം 31-ാം തീയതി ആയി ഏകീകരിച്ചുകൊണ്ടും. മാർച്ച് 31 വരെയുള്ള സേവനകാലം എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും കണക്കാക്കുമെന്നും ഉത്തരവായിരുന്നു.

2) ഇതിനെ തുടർന്ന് പ്രവേശന തസ്തികയിൽ നിയമന തടസ്സം ഒഴിവാക്കാൻ വേണ്ടി, പെൻഷൻ തീയതി ഏകീകരിച്ചില്ലായിരുന്നുവെങ്കിൽ ഫെബ്രുവരി 28 വരെ ഉണ്ടാകുമായിരുന്ന പെൻഷൻ ഒഴിവുകൾക്ക് പകരമായി ബന്ധപ്പെട്ട തസ്തികയുടെ പ്രവേശന തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കാനും മാർച്ച് മാസം 31-ാം തീയതി ഉണ്ടാകുന്ന പെൻഷൻ ഒഴിവുകളിൽ മേൽപ്പറഞ്ഞ സൂപ്പർ ന്യൂമററി തസ്തികകൾ ക്രമീകരിക്കാനും സൂചന (2) പ്രകാരം വകുപ്പ് മേധാവികൾക്കും, നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു.

3) സൂചന (3) ലെ സർക്കുലർ പ്രകാരം 2010 -2011 സാമ്പത്തിക വർഷത്തിൽ പ്രവേശന തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിരുന്നു. സൂചന (4) ലെ സർക്കുലർ പ്രകാരം വകുപ്പ് മേധാവികൾ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത് വരികയാണ്. എങ്കിലും പ്രവേശന തസ്തികകളിലെ ഈ പ്രതീക്ഷിത ഒഴിവുകൾക്ക് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചിട്ടില്ലാ എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

AUG-06-2011 14:41 From: To:2338888 Page:1

4) ഈ സാഹചര്യത്തിൽ മുൻ വർഷത്തേതു പോലെ 2011-2012 സാമ്പത്തിക വർഷത്തിലും പെൻഷൻ പ്രായം ഏകീകരിച്ചതുമായി ബന്ധപ്പെട്ട്, പെൻഷൻ ഏകീകരണം നിലവിലില്ലായിരുന്നെങ്കിൽ ജീവനക്കാർ വിരമിക്കുമായിരുന്ന ഒഴിവ് കണക്കാക്കി ഓരോ മാസവും എൻട്രി കേഡറിൽ ഉണ്ടാകുമായിരുന്ന പ്രതീക്ഷിത ഒഴിവുകളിലേയ്ക്ക് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് ചെയ്ത് വിവരം ധനകാര്യ(ജി.എം.സി) വകുപ്പിനേയും, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനേയും അറിയിക്കുവാൻ എല്ലാ വകുപ്പുമേധാവികൾക്കും, നിയമനാധികാരികൾക്കും നിർദ്ദേശം നൽകികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഇതുകൂടാതെ അന്തർ ജില്ലാ സ്ഥലംമാറ്റം, ആശ്രിത നിയമനം, സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥ ചെയ്യുന്ന മറ്റു വിധത്തിലുള്ള (ബൈട്രാൻസ്ഫർ, പ്രൊമോഷൻ മുതലായവ) നിയമനങ്ങൾക്ക് നിശ്ചിത ശതമാനം ഒഴിവ് നീക്കി വച്ചശേഷമാണ് ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടത് എന്നും നിർദ്ദേശിക്കുന്നു.

ടി.ജെ.മാത്യു.
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,
സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പുതലവൻമാർക്കും.
പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടിവുമാർക്കും.
അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം).
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
എല്ലാ സെക്ഷനുകൾക്കും.
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്കും.
ധനകാര്യ (ജി.എം.സി) വകുപ്പിനും.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ